**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

---

**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ മീര മോഹൻ, ജൂനിയർ കൺസൾട്ടന്റ് - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കാരണം കാണിക്കൽ നോട്ടീസ് നമ്പർ ഇഎ4-73513/2021/ആവഡ തീയതി. 29.10.2021
2. എ6/11603/2021/ജിമെഒ കോഴിക്കോട് തീയതി. 07.10.2021
3. ഡോ മീരമോഹൻ സമർപ്പിച്ച മറുപടി തീയതി 29.11.2021
4. കത്ത് നം ഇഎ4- 73573/2021/ആവഡ തീയതി 27.03.2022
5. സ ഉ (അച്ചടി) നം 55/2020/ആകുവ തീയതി 16.09.2020

**ഉത്തരവ് നം. DHS/15103/2023-EA4 തീയതി.12-12-2025**

കോഴിക്കോട് നാദാപുരം താലൂക്ക് ആശുപത്രിയിൽ സേവനത്തിലിരിക്കവെ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ മീരമോഹൻ, ജൂനിയർ കൺസൾട്ടൻ്റ് (ഗൈനക്കോളജി) ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ലെന്ന് വിലയിരുത്തി 1958 ലെ കേരള സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം

കാണിക്കൽ നോട്ടീസ് നൽകി. പരാമർശം (3) പ്രകാരം ഡോ മീര മോഹൻ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ പുന പ്രവേശിക്കുവാനായി 10.04.2022 തീയതിയ്ക്കകം പരാമർശം (5) സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ടി കത്തിനോട് ഡോ മീരമോഹൻ പ്രതികരിച്ചിട്ടില്ല. ടി സാഹചര്യത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പരാമർശം (4) പ്രകാരമുള്ള കത്തിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി വിഷയവുമായി ബന്ധപ്പെട്ട് ഡോ മീര മോഹൻ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ടി ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 10 ദിവസത്തിനകം ആരോഗ്യ വകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ പ്രൊബേഷൻ ആവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നറിയിക്കുന്നു.

Signed by
Reena K J
Date: 12-12-2025 13:19:06

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Meera Mohan,**

**Athira , CMC 13. Govt Hospital Road,**

**Cherthala, Alappuzha** (വെബ് സൈറ്റ് മുഖാന്തരം)

പകർപ്പ്,

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ

5

**Registered with acknowledgement**


**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്**
**വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം പിൻ-695035**
ഫോൺ: 0471-2302490. ഫാക്സ്: 0471-2302525
Email: dhskerala@gmail.com Website: www.dhs


**ഇ.എ4- 73573/2021/ഡി.എച്ച്.എസ്** **തീയതി .03.2022**

പ്രേഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

DIRECTORATE OF HEALTH SERVICE
30 MAR 2022
DESPATCHED

സ്വീകർത്താവ്

Dr Meera Mohan
Athira, CMC 13
Govt. Hospital Road
Cherthala, Alappuzha

സർ,

വിഷയം: ആ.വ.ഡ: അനധികൃതാവധിയ്ക്കു ശേഷം പുനഃപ്രവേശനത്തിനായി ബോണ്ട് സമർപ്പിക്കുന്നതു - സംബന്ധിച്ച്-

സൂചന: 1.കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തീയതി 29.11.2021
2. സഉ(അച്ചടി) നം. 55/2020/ആ.കു.വ തീയതി 16.09.2020

സൂചന (1) ലെ മറുപടി പ്രകാരം, അനധികൃതാവധിയ്ക്കു ശേഷം ആരോഗ്യവകുപ്പിൽ പുനഃ പ്രവേശിക്കുന്നതിനായി താങ്കൾ സൂചന(2) ഉത്തരവ് പ്രകാരമുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ബോണ്ട് 200 രൂപയുടെ മുദ്രപത്രത്തിൽ 10/4/22 തീയതിയ്ക്കകം ടി ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. (ബോണ്ട് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യവകുപ്പു ഡയറക്ടറുടെ വെബ്സൈറ്റിൽ ലഭ്യമാണ്). അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് നൽകാതെ തന്നെ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

15/3/22

വിശ്വസ്തതയോടെ

ആരോഗ്യവകുപ്പ് ഡയറക്ടർ

28/3/22

**GOVERNMENT OF KERALA**

330743